110 (1559) ബസ് സർവ്വീസ് ഏർപ്പെടുത്തുവാൻ നടപടി

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പു മന്ത്രിസദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തേക്കും തിരിച്ച് ജില്ലയുടെ വിവിധ പ്രദേശങ്ങളിലേക്കും ബഹുജനങ്ങളുടെ ആവശ്യം പരിഗണിച്ച് രാത്രി 9 മണിക്കു ശേഷം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം ഇപ്പോൾ കഴിയുന്നില്ല.

111 (1560) ചിറയിൻകീഴ് - കണിയാപുരം സർവ്വീസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് വഴി പോകുന്ന കെ.എസ്.ആർ.ടി.സി. -യുടെ ഏതെങ്കിലും ഷെഡ്യൂളുകൾ ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് കണിയാപുരം ഡിപ്പോയിലേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഷെഡ്യൂളുകൾ കൃത്യമായി ഇപ്പോഴും ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ;

(ഡി) കണിയാപുരം ഡിപ്പോയിൽ നിന്നും ചിറയിൻകീഴ്-കണിയാപുരം ബസ് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കാൻ ചിറയിൻകീഴ്-കണിയാപുരം ബസ് സർവ്വീസ് ആരംഭിക്കുമോ?

ഉത്തരം

(എ) ഒരു സർവ്വീസ് മാറ്റിയിട്ടുണ്ട്.

(ബി) 6.50 ആറ്റിങ്ങൽ-പണയിൽക്കടവ് സർവ്വീസ് കണിയാപുരം ഡിപ്പോയിലേക്ക് മാറ്റി. 6.35 കണിയാപുരം-പണയിൽക്കടവ് തിരുവനന്തപുരം-പട്ടം-മെഡിക്കൽ കോളേജ്-മംഗലപുരം-ശാസ്തവട്ടം-ചിറയിൻകീഴ്-ആനത്തലവട്ടം-കടയ്ക്കാവൂർ-പണയിൽക്കടവ് സർവ്വീസായിട്ടാണ് മാറ്റിയത്.

(സി) വരുമാനം കുറവായതിനാൽ ബസിന്റെയും ജീവനക്കാരുടെയും അഭാവത്തിൽ ചില ദിവസങ്ങളിൽ ഈ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാറില്ല.

(ഡി) ഇല്ല.

(ഇ) ബസിന്റെ കുറവുമൂലം തൽക്കാലം കഴിയുകയില്ല.

112 (1561) മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജിലേയ്ക്കുള്ള ബസ് സർവ്വീസ്

ശ്രീ. എൻ. ആർ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly